# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 313 15/12/2014ൽ മറുപടിക്ക്

## പി.എസ്.സി.യുടെ പരീക്ഷാ പരിഷ്ക്കാരങ്ങൾ

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. തോമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. ആർ.സെൽവരാജ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി.യുടെ പരീക്ഷാ രീതി പരിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) എന്തെല്ലാം പരിഷ്കരണങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (എ)യും (ബി)യും<br><br>പി.എസ്.സി.യുടെ പരീക്ഷാരീതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി OMR പരീക്ഷയ്ക്ക് പുറമെ online പരീക്ഷകൂടി ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല 01.01.2012 മുതൽ ആരംഭിച്ച ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം 01.07.2014 മുതൽ നടത്തുന്ന പരീക്ഷയിൽ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് ഒറ്റത്തവണ വെരിഫിക്കേഷനാണ് നടത്തുന്നത്. |
| (സി) നിലവിലെ പരീക്ഷാ രീതികളിൽ ഉദ്യോഗാർത്ഥികൾക്കുള്ള എന്തെല്ലാം ആശങ്കകളാണ് ഇതുവഴി പരിഹരിക്കപ്പെടുന്നത്; വിശദമാക്കുമോ; | (സി) ഓൺലൈൻ പരീക്ഷാ രീതി നടപ്പിലാക്കുന്നതുവഴി റാങ്ക് പട്ടിക/ചുരുക്കപ്പട്ടിക എന്നിവ തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സാധിക്കും. യോഗ്യതകൾ ഒരു തവണ വെരിഫൈ ചെയ്താൽ അതേ യോഗ്യതയ്ക്കനുസരിച്ച് സമർപ്പിക്കുന്ന അപേക്ഷകൾക്ക് ഉദ്യോഗാർത്ഥികൾ വെരിഫിക്കേഷന് ഹാജരാകേണ്ടതില്ല. |
| (ഡി) പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) ഓൺലൈൻ പരീക്ഷകൾ നടത്തുന്നതിലേയ്ക്കായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിൽ പി.എസ്.സി.യ്ക്ക് സ്വന്തമായി ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ നിർമ്മിച്ചു. |

സെക്ഷൻ ഓഫീസർ